പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 36

28.06.2016-ൽ
മറുപടിയ്ക്ക്

## മരണപ്പെട്ട ജവാന്റെ കുടുംബാംഗങ്ങൾക്ക് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. കെ. ദാസൻ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | ജമ്മുകാശ്മീരിൽ സൈനിക നടപടിക്കിടെ പാക് സൈനികരുടെ വെടിയേറ്റ് മരിച്ച ജവാൻ സുബിനേഷിന്റെ കുടുംബാംഗങ്ങൾക്ക് മുൻസർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഇല്ല |
| ബി) | പൊതുഭരണ വകുപ്പിൽ നിന്നും ഈ വിഷയത്തിൽ എടുത്തിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | മരണപ്പെട്ട ജവാൻ സുബിനേഷിന്റെ സഹോദരി ശ്രീമതി. സുബിഷയ്ക്ക് ആശ്രിത നിയമനം നൽകാൻ 09.05.2016-ലെ GO(MS)66/16/GAD ഉത്തരവ് പ്രകാരം തീരുമാനിച്ചു. അതിൻപ്രകാരം ടിയാളെ കോഴിക്കോട് ജില്ലയിൽ, എൽ.ഡി.ക്ലാർക്ക് ആയി നിയമിക്കാൻ ഒഴിവുണ്ടോയെന്ന് അറിയിക്കാൻ വകുപ്പ് തലവൻമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒഴിവ് റിപ്പോർട്ട് ചെയ്ത് കിട്ടിയാലുടൻ നിയമനം നൽകുന്നതാണ്. കൂടാതെ, മരണപ്പെട്ട ജവാൻ സുബിനേഷിന്റെ മാതാവിന് അടിയന്തിര സാമ്പത്തിക സഹായമായി 15,000/- രൂപയും, 09.05.2016-ലെ GO(Rt)2941/16/GAD ഉത്തരവ് പ്രകാരം 9,85,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| സി) | സുബിനേഷിന്റെ സഹോദരി സുബിഷയ്ക്ക് ജോലി ലഭ്യമാക്കുന്ന കാര്യത്തിലും നടപടികൾ പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഇല്ല. ജോലി ലഭ്യമാക്കുന്ന കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പ് തലവന്മാർ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |
| ഡി) | ഏറ്റവും ഉയർന്ന പരിഗണന നൽകി ഈ വിഷയത്തിൽ സർക്കാരിന്റെ അടിയന്തിര നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ? | ഈ വിഷയത്തിൽ സർക്കാരിന്റെ അടിയന്തിര നടപടികൾ ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ